LIBRARY ARCHIVES Kerala Legislative Assembly

ജയിലുകളിലെ ഭക്ഷണ വിതരണം

258 (3770) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലെ ഭക്ഷണ വിതരണം പ്രതിസന്ധിയിലാണെന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജയിലുകളിലെ ഭക്ഷണ വിതരണത്തിൽ പ്രതിസന്ധിയുണ്ടായിട്ടില്ല. എന്നാൽ ചില മാധ്യമങ്ങളിൽ പ്രതിസന്ധിയുണ്ടായതായി തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഭക്ഷണ വിതരണവുമായി ബന്ധപ്പെട്ട കരാറുകാർക്ക് കുടിശ്ശിക തുക നൽകാനില്ല.

വനമേഖലയിൽനിന്ന് മരം മുറിച്ച് കടത്തിയ കേസുകൾ

259 (3771) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വനം സംബന്ധമായ എത്ര കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്;

(സി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേർ പ്രതികളായിട്ടുണ്ട് ; അതിൽ എത്രപേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ചുകടത്തിയതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം സെൻട്രൽ സർക്കിൾ, തൃശ്ശൂർ-329 എണ്ണവും ഈസ്റ്റേൺ

സർക്കിൾ, പാലക്കാട്-365 എണ്ണവും ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം-70 എണ്ണവും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം-3 എണ്ണവുമാണ്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വനം സംബന്ധമായി നിലവിൽ സെൻട്രൽ സർക്കിൾ, തൃശ്ശൂരിൽ 1069 എണ്ണവും ഈസ്റ്റേൺ സർക്കിൾ, പാലക്കാട് - 1388 എണ്ണവും ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം - 143 എണ്ണവും അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം - 99 എണ്ണവുമാണ്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് സെൻട്രൽ സർക്കിൾ, തൃശ്ശൂർ - 2488 പേർ പ്രതികളായിട്ടുണ്ട്. 88 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ഈസ്റ്റേൺ സർക്കിൾ, പാലക്കാട്-853 പേർ പ്രതികളായിട്ടുണ്ട്. 124 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. ഫീൽഡ് ഡയറക്ടർ, പ്രോജക്ട് ടൈഗർ, കോട്ടയം-200 പേർ പ്രതികളായിട്ടുണ്ട്.81 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം - 97 പേർ പ്രതികളായിട്ടുണ്ട്. 13 പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്. സതേൺ സർക്കിൾ, കൊല്ലം, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, നോർത്തേൺ സർക്കിൾ, കണ്ണൂർ, വൈൽഡ് ലൈഫ് നോർത്തേൺ റീജിയൺ, പാലക്കാട് എന്നീ സർക്കിളുകളിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ആനവേട്ട

260 (3772) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന മേഖലകൾ കേന്ദ്രീകരിച്ച് കാട്ടാന വേട്ട നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ നടത്തിയ അന്വേഷണങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനകം എത്ര കാട്ടാനകൾ വേട്ടയാടപ്പെട്ടതായാണ് സർക്കാരിന്റെ കണക്ക്; ഇതിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly